പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3403 — 12.12.2014-ൽ മറുപടിക്ക്

## നഗരങ്ങളിൽ മാലിന്യസംസ്ക്കരണ കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ റ്റി.ജോർജ്<br>" സി പി. മുഹമ്മദ്<br>" ഡൊമിനിക് പ്രസന്റേഷൻ<br>" പി.എ. മാധവൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിൽ മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | ബി) ക്ലീൻ കേരള കമ്പനിയ്ക്ക് ഇതിനകം 1000 രൂപ മൂല്യമുള്ള 47001 ഓഹരികളിൽ നിന്നായി 47001000 രൂപയുടെ മൂലധനം ഉണ്ട്. |
| സി) കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | സി) ക്ലീൻ കേരള കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും, 60 മുനിസിപ്പാലിറ്റികളിലും ഉത്ഭവിക്കപ്പെടുന്നതും, നിരത്തുകളിലും മററും ചിതറിക്കിടക്കുന്നതുമായ മോശം പ്ലാസ്റ്റിക്കുകൾ കഴുകി വൃത്തിയാക്കി പൊടിച്ച് ബേൽ ചെയ്തു പുന:ചംക്രമണത്തിനുള്ള സംവിധാനം ഒരുക്കുന്ന പദ്ധതി.<br>2. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്റെഡിംഗ് മെഷീനുകൾ ഉപയോഗിച്ച് ചിപ്പുകളാക്കി മാറ്റി ഇവ ഉപയോഗിച്ച് പൊതുമരാമത്തു വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ റോഡുകളുടെ ടാറിംഗ്.<br>3. ഇ-മാലിന്യങ്ങൾ ശേഖരിച്ചു കേന്ദ്ര സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ക്ളിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതി.<br>4. പ്രതിദിനം 50 ടൺ വരെ മാലിന്യം ഉണ്ടാകുന്ന നഗരങ്ങളിൽ CNG Bottling Plant-കൾ സ്ഥാപിക്കുന്ന പദ്ധതി.<br>5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.<br>6. മാലിന്യസംസ്കരണത്തിന് നൂതന സാങ്കേതിക വിദ്യയായ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ ഉപയോഗിച്ചുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്ന പദ്ധതി.<br>7. റെയിൽവേ സ്റ്റേഷനുകൾ ക്ലീൻ ചെയ്യാൻ ആരംഭിച്ചു. |
| ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നത്; വ്യക്തമാക്കുമോ ? | ഡി) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും സർക്കാർ അർദ്ധ സർക്കാർ ഇതര സ്ഥാപനങ്ങൾക്കും കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ